# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4764      28.6.2013 ൽ മറുപടിയ്ക്ക്

## വികലാംഗർക്കുവേണ്ടിയുള്ള പദ്ധതികൾ

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വികലാംഗർക്കു വേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെന്ന് വിശദമാക്കുമോ? | (1) അംഗവൈകല്യമുള്ളവർക്ക് സൗജന്യമായി വിവിധതരം സഹായ ഉപകരണങ്ങൾ ലഭിക്കുന്നതിന്, നിർദ്ദിഷ്ട അപേക്ഷാ ഫാറം പൂരിപ്പിച്ച് അതാത് വിഭാഗം വിദഗ്ദ്ധ ഡോക്ടർമാർ സാക്ഷ്യപ്പെടുത്തി കോർപ്പറേഷനിൽ അപേക്ഷിക്കേതാണ്. വരുമാന പരിധി 6000/- രൂപയാണ് (പ്രതിമാസം). 2 ഫോട്ടോയും അസ്സൽ റേഷൻ കാർഡും ഹാജരാക്കിയാൽ 6000/-രൂപവരെ വിലയുള്ള സഹായ ഉപകരണങ്ങൾ ഇപ്രകാരം നൽകുന്നത്.<br>(2) കുറഞ്ഞത് 40% അംഗവൈകല്യമുള്ളവർ ബാങ്ക് ലോണിന്റെ നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് വികലാംഗ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് (അറ്റസ്റ്റഡ് കോപ്പി) 2 ഫോട്ടോ എന്നിവ സഹിതം കോർപ്പറേഷനിൽ അപേക്ഷിക്കുമ്പോൾ കോർപ്പറേഷൻ അതാത് സർവ്വീസ് ഏരിയാ ബാങ്കിലേക്ക് ശുപാർശ ചെയ്യുകയും ലോൺ തുക അനുവദിക്കുന്നതിന് ആനുപാതികമായി കോർപ്പറേഷൻ സബ്സിഡി ബാങ്കിലേക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു. അപേക്ഷകൻ ബാങ്കിന്റെ നിബന്ധനകൾ കൃത്യമായി പാലിക്കേതാണ്. പ്രായപരിധി 18 നും 60 വയസ്സിനും ഇടയിലായിരിക്കണം.<br>(3) കുറഞ്ഞത് 40% അംഗവൈകല്യമുള്ളവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്ക്കൂട്ടറിന് സബ്സിഡി ലഭിക്കുവാൻ നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് ഫോട്ടോ പതിപ്പിച്ച്, റേഷൻ കാർഡ്, വരുമാന സർട്ടിഫിക്കറ്റ് , വാഹനത്തിൽ അപേക്ഷകൻ ഇരിക്കുന്ന ഫോട്ടോ, വണ്ടി വാങ്ങിയതിന്റെ ബില്ല്, അഡീഷണൽ വീൽ ഫിറ്റ് ചെയ്തതിന്റെ ബില്ല്, ഇൻഷ്വറൻസ്, ആർ.സി.ബുക്ക്, വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പിയടക്കം കോർപ്പറേഷനിൽ അപേക്ഷ സമർപ്പിക്കേതാണ്.<br>(4) കുറഞ്ഞത് 40% അംഗവൈകല്യമുള്ള എസ്.എസ്.എൽ.സി/പ്ലസ്-2 പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡ് ലഭിക്കാനായി നിർദ്ദിഷ്ട അപേക്ഷാ ഫാറം പൂരിപ്പിച്ച് |

ഫോട്ടോ പതിപ്പിച്ച് റേഷൻ കാർഡ്, വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പിയടക്കം കോർപ്പറേഷനിൽ അപേക്ഷ സമർപ്പിക്കേതാണ്.

(5) തികച്ചും അംഗവൈകല്യമുള്ള എട്ടുവയസ്സുവരെ പ്രായമുള്ള കുട്ടികൾക്കുള്ള സ്ഥിര നിക്ഷേപ പദ്ധതിയ്ക്ക് നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് കുട്ടിയുടെ ഫോട്ടോ, കുടംബ ഫോട്ടോ, വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (കുറഞ്ഞത് 60% വരെ), പിതൃ മാതൃത്വ സർട്ടിഫിക്കറ്റ്, 100/- രൂപ മുദ്ര പത്രത്തിൽ സത്യവാങ്മൂലം, റേഷൻ കാർഡ്, ജനന സർട്ടിഫിക്കറ്റ്, അച്ഛന്റേയും അമ്മയുടേയും തിരിച്ചറിയൽ കാർഡ് എന്നിവയുടെ അറ്റസ്റ്റ് കോപ്പിയടക്കം അപേക്ഷിക്കേതാണ്. പെൺകുട്ടികൾക്ക് 20000/- രൂപയും ആൺകുട്ടികൾക്ക് 15000/- രൂപയുമാണ് സ്ഥിര നിക്ഷേപം

(6) കുറഞ്ഞത് 40% അംഗവൈകല്യമുള്ളവർക്ക് ലോട്ടറി ഏജന്റിനുള്ള ഒറ്റത്തവണ ധനസഹായം ലഭിക്കുന്നതിന് നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് ഫോട്ടോ പതിപ്പിച്ച റേഷൻ കാർഡ്, വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ലോട്ടറി ഏജൻസി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പിയടക്കം അപേക്ഷിക്കേതാണ്.

(7) വികലാംഗ സ്വാശ്രയ സംഘങ്ങൾക്ക് ഒറ്റത്തവണ ധനസഹായം ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്ത് 6 മാസം കഴിഞ്ഞ 40% ത്തിൽ കുറയാത്ത അംഗ വൈകല്യമുള്ള കുറഞ്ഞത് 5 അംഗങ്ങളെങ്കിലുമുള്ള സംഘങ്ങളാണ് ഇതിനായി അപേക്ഷിക്കേണ്ടത്. നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് പ്രസിഡന്റ്/സെക്രട്ടറി ഒപ്പിട്ട പ്രവർത്തന റിപ്പോർട്ട്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഓരോ അംഗങ്ങളുടെയും വികലാംഗ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പിയടക്കം അപേക്ഷിക്കുക

(8) കുറഞ്ഞത് 40% അംഗവൈകല്യമുള്ളവർക്ക് നാഷണൽ ഹാന്റികാപ്ഡ് ഫിനാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.എച്ച്.എഫ്.ഡി.സി) ചാനലൈസിംഗ് ഏജൻസിയായ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി ലോൺ ലഭിക്കുന്നതിന് നിർദ്ദിഷ്ട അപേക്ഷാഫാറം പൂരിപ്പിച്ച് വികലാംഗത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, വയസ്സു തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വിദ്യാഭ്യാസ യോഗ്യത, ജാതി സർട്ടിഫിക്കറ്റ്, സത്യവാങ്മൂലം, റേഷൻ കാർഡ് എന്നിവയുടെ അറ്റസ്റ്റ് ചെയ്ത കോപ്പിയടക്കം അപേക്ഷിക്കുക. വായ്പാ തുകയ്ക്ക് ആനുപാതികമായി വസ്തു/ഉദ്യോഗസ്ഥ ജാമ്യം നൽകേതാണ്.

സെക്ഷൻ ഓഫീസർ